ശ്രീ. പി. കെ. കുഞ്ഞച്ചൻ: Stage I കഴിഞ്ഞിട്ട വർഷങ്ങൾതന്നെ കഴിഞ്ഞിട്ടുള്ള ബ്ലോക്കുകളുണ്ടു്. അവയെ സംബന്ധിച്ചുള്ള പ്രവർത്തനത്തിന്റേയും സ്റ്റാഫിന്റേയും മറ്റും കാര്യങ്ങൾക്കു് ഇത്രകാലത്തിനകം തീരുമാനമെടുക്കുമെന്നു പറയാമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അതിനെ സംബന്ധിച്ചെല്ലാം വലിയ കാലതാമസംകൂടാതെ തീരുമാനം എടുക്കാവുന്നതാണു്.

പെൻഷൻകാർക്കു നൽകുന്ന ആനുകൂല്യങ്ങൾ.

* 709. [14] ശ്രീ. കെ. സി. ഏബ്രാഹാം : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രഗവണ്മെന്റു ജീവനക്കാർക്കു് പെൻഷൻകാര്യത്തിൽ ഇൻഡ്യഗവണ്മെന്റു് അടുത്തകാലത്തു് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സംസ്ഥാനഗവണ്മെന്റു ജീവനക്കാർക്കും അനുവദിക്കുവാൻ ഉദ്ദേശമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സംസ്ഥാനഗവണ്മെന്റു ജീവനക്കാർക്കു് പെൻഷൻകാര്യത്തിൽ ഒരു ചെറിയ ആനുകൂല്യം അനുവദിക്കുന്നതാണെന്നു 28–2–1964–ലെ ബഡ്ജറ്റു പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

ശ്രീമതി കുസുമം : ഗവണ്മെന്റു ജീവനക്കാരുടെ പെൻഷൻ മിനിമം 20 രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നു ബഡ്ജറ്റു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. പ്രൈവറ്റുസ്കൂൾ അദ്ധ്യാപകർക്കും അങ്ങനെ കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോൾ അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. അതിനു് എത്രത്തോളം സാമ്പത്തികബാദ്ധ്യത വരുമെന്നു പഠിച്ചുകൊണ്ടിരിക്കുകയാണു്.

പ്രൈവറ്റുസ്കൂളുകളിലെ ഹൈസ്കൂൾ അദ്ധ്യാപകർ.

* 710. [15] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റുസ്കൂളുകളിലെ ഹൈസ്കൂൾ അദ്ധ്യാപകർക്കു് ഫസ്റ്റു് ഗ്രേഡിലേക്കു് പ്രമോഷൻ കൊടുക്കുന്നതിനുള്ള ഉത്തരവു് പുറപ്പെടുവിച്ചതെന്നാണു് ;

(ബി) ഓരോ വിദ്യാഭ്യാസമേഖലയിലും ഇതുവരെ എത്രപേർവീതം I ഗ്രേഡിലേക്കു് പ്രമോഷൻ നൽകിയിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 29–4–1963–ൽ.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള : പ്രൈവറ്റു സ്കൂൾ ടീച്ചേഴ്സിനെ സംബന്ധിച്ചിടത്തോളം, പെൻഷൻ, പ്രൊവിഡണ്ടുഫണ്ടു്, പ്രമോഷൻ മുതലായവ 1960–ലെ ഭേദഗതിനിയമപ്രകാരം അനുവദിച്ചിരുന്നതു്. അതിനെസംബന്ധിച്ചു് ഗവണ്മെന്റു 29–4–1963–ലാണു് ഒരു ഉത്തരവു പുറപ്പെടുവിച്ചതെന്നു പറഞ്ഞു. മൂന്നുകൊല്ലമായിട്ടും ഇതുവരെ ഈ ആനുകൂല്യങ്ങൾ നടപ്പാക്കുന്നതിനു കാലതാമസം വരുത്തുന്നതിനെപ്പറ്റി അന്വേഷണം നടത്തി ഉടനെ കഴിയുന്നതുംവേഗം ഇതു നടപ്പാക്കുവാൻ നിർദ്ദേശം നൽകുമോ ?

ശ്രീ. ആർ. ശങ്കർ : അതിനെപ്പറ്റി അന്വേഷിച്ചതിൽ, കാലതാമസത്തിനു പ്രധാനകാരണം, വേണ്ടിടത്തോളം സ്റ്റാഫു് ഇല്ലാത്തതാണെന്നു മനസ്സിലാക്കി, ആവശ്യമുള്ള സ്റ്റാഫിനെ അനുവദിച്ചിട്ടുണ്ടു്. ഇനി കാലതാമസം വരാൻ ഇടയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കുസുമം : പ്രൈവറ്റ് ഹൈസ്കൂളുകളിൽ ഇരുപതുകൊല്ലത്തെ സർവ്വീസില്ലാത്തവരെ ഹെഡ്മാസ്റ്റർമാരായി പ്രമോട്ട് ചെയ്യാറില്ല. അവർക്ക് വെറും 25 രൂപ അലവൻസ് മാത്രമാണ് കൊടുക്കുന്നത്. ഓരോ ക്ലാസ്സിലും ഓരോ ഡിവിഷൻ ഉള്ള സ്കൂളുകളിലും പത്തും, ഇരുപതും ഡിവിഷനുകൾ ഉള്ള സ്കൂളുകളിലും 25 രൂപ അലവൻസേ നൽകുന്നുള്ളൂ. കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതോതിൽ അലവൻസ് കൂട്ടാൻ വല്ല നടപടിയും സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ വ്യത്യസ്തമായ ഒരു പരിഗണന എളുപ്പമല്ല. കുട്ടികളുടെ സംഖ്യയെ അടിസ്ഥാനമാക്കി ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് അലവൻസ് വർദ്ധിപ്പിക്കുക സാദ്ധ്യമല്ല.

സ്വർണ്ണാഭരണത്തൊഴിലാളികളുടെ അവശതകൾ.

* 711. [16] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോലിയില്ലാതായ സ്വർണ്ണാഭരണത്തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള സ്കീം ഈ സ്റ്റേറ്റിൽ ഏതെല്ലാം വിധത്തിൽ പ്രവർത്തിച്ചുവരുന്നു ;

(ബി) ഇതിന്റെ ഫലമായി എത്ര കുടുംബങ്ങൾക്ക് ഇപ്പോൾ ജീവിതാശ്വാസം ലഭിക്കുന്നുണ്ട് ;

(സി) സ്വർണ്ണാഭരണത്തൊഴിലാളികൾക്ക് സൗജന്യറേഷൻ കൊടുത്തവകയിൽ എത്ര സംഖ്യ ഇതുവരെ ചെലവായി ;

(ഡി) സൗജന്യറേഷൻ കൊടുത്തവക തുക ഇനിയും ന്യായവിലഷാപ്പുടമസ്ഥന്മാർക്ക് അനുവദിച്ചുകൊടുത്തിട്ടില്ലേ ;

(ഈ) ഇല്ലെങ്കിൽ ഈ തുക അടിയന്തിരമായി കൊടുക്കുന്നതിനു ദയവുണ്ടാകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് † മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) വ്യവസായവകുപ്പിന്റെ പ്രവർത്തനഫലമായി, 498 കുടുംബങ്ങൾക്ക് ആശ്വാസം ലഭിക്കുന്നുണ്ട്. ഫീസു സൗജന്യം അനുവദിച്ചതിന്റെ ഫലമായി, സ്വർണ്ണത്തൊഴിലാളികളുടെ 716 കുടികൾക്ക് ആശ്വാസം ലഭിച്ചിട്ടുണ്ട്. ഇൻഡസ്ട്രിയൽ ഇൻസ്ട്രിറ്റ്യൂട്ടുകളിൽ 153 പേരെ പരിശീലനത്തിനെടുത്തിട്ടുണ്ട്. എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളിൽക്കൂടി 31-1-1964 വരെ 32 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

(സി) 1,14,880 ക. 26 നയാപൈസ.

(ഡി, ഈ) ഗവൺമെൻറിനു കിട്ടിയിട്ടുള്ള റിപ്പോർട്ടുകൾ അനുസരിച്ച്, ഏതാനും കളക്ടർമാർ സംഖ്യ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവർ സംഖ്യ കൊടുത്തുവരുന്നു.

മി. സ്പീക്കർ : ഇതോടൊന്നിച്ച് ചോദ്യം 22-നുള്ള ഉത്തരംകൂടി പറയാം.

സ്വർണ്ണത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ.

* 712. [22] ശ്രീ. കെ. അവുക്കാദർകുട്ടിനഹ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ സ്വർണ്ണനിയന്ത്രണച്ചട്ടങ്ങൾ പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് സ്വർണ്ണത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ളത് ;

† Appendix II

LIBRARY ARCHIVES Kerala Legislative Assembly